പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .157

06.01.2014-ൽ മറുപടിക്ക്

## മത്സ്യബന്ധനാവശ്യത്തിനുള്ള ഇന്ധനം

ചോദ്യം

ഉത്തരം

| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) | പൊതുവിതരണത്തിനായി അനുവദിച്ചു നൽകുന്ന മണ്ണെണ്ണയിൽ നിന്നും ഒരു വിഹിതം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നൽകിവരുന്ന 2525 കിലോ ലിറ്റർ മണ്ണെണ്ണ അപര്യാപ്തമാണ്. പൊതു വിതരണ സമ്പ്രദായം മുഖേന റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുവാനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണ വിളക്കുകത്തിക്കുന്നതിനും പാചക ആവശ്യത്തിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ ഒരു വിഹിതം ഇവർക്ക് നൽകി വരുന്നത്. ഇപ്രകാരം അനുവദിച്ച മണ്ണെണ്ണ തീരെ അപര്യാപ്തമായതിനാൽ മത്സ്യബന്ധനത്തിനായി കുറഞ്ഞ വിലയ്ക്ക് വെള്ള മണ്ണെണ്ണ ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു. |
| (ബി) | മത്സ്യബന്ധനാവശ്യത്തിന് മണ്ണെണ്ണ ലഭ്യമാക്കുവാൻ തീരമേഖലയിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ